**കേരള സർക്കാർ**

സംഗ്രഹം

ധനകാര്യ വകുപ്പ് - അനാഥ/അഗതി/വൃദ്ധ മന്ദിരങ്ങളിൽ താമസിക്കുന്ന അന്തേവാസികൾക്ക് സാമൂഹ്യ സുരക്ഷാ പെൻഷൻ അനുവദിക്കുന്നത് സംബന്ധിച്ച തീരുമാനം ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (എസ് എഫ് സി-ബി) വകുപ്പ്**

**സ.ഉ(സാധാ) നം.5171/2021/ധനം** **തീയതി, തിരുവനന്തപുരം, 28.07.2021**

---

പരാമർശം :- 1) 30.01.2016-ലെ സ.ഉ.(കൈ) നം.9/2016/സാനീവ നമ്പർ സർക്കാർ ഉത്തരവ്

2) പഞ്ചായത്ത് ഡയറക്ടറുടെ 18.04.2018 ലെ ഡിബിടി/12691/2017 നമ്പർ കത്ത്

3) പഞ്ചായത്ത് ഡയറക്ടറുടെ 13.03.2019 ലെ പിഎഎൻ/1412/2019-ഡിബിടി2(ഡിപി) നമ്പർ കത്ത്

4) പഞ്ചായത്ത് ഡയറക്ടറുടെ 17.07.2019 ലെ പിഎഎൻ/4272/2019-ഡിബിടി1(ഡിപി) നമ്പർ കത്ത്

5) 23.09.2020 ലെ സ.ഉ.(കൈ) നം.97/2020/ധന നമ്പർ സർക്കാർ ഉത്തരവ്

6) പഞ്ചായത്ത് ഡയറക്ടറുടെ 08.02.2021 ലെ പിഎഎൻ/1962/2021-ഡിബിടി1(ഡിപി) നമ്പർ കത്ത്

**ഉത്തരവ്**

അനാഥ/അഗതി/വൃദ്ധ മന്ദിരങ്ങളിൽ താമസിക്കുന്ന അന്തേവാസികൾക്ക് സാമൂഹ്യ സുരക്ഷാ പെൻഷൻ അനുവദിക്കാമെന്ന പരാമർശം (1) പ്രകാരം ഉത്തരവായിട്ടുണ്ട്. എന്നാൽ, അനാഥ/അഗതി/വൃദ്ധ മന്ദിരങ്ങളിൽ താമസിക്കുന്ന അന്തേവാസികൾക്ക് സാമൂഹ്യ സുരക്ഷാ പെൻഷൻ അനുവദിക്കുന്നതിലെ പ്രായോഗിക ബുദ്ധിമുട്ട് പരിഗണിച്ച് ഇക്കാര്യത്തിൽ സ്പഷ്ടീകരണം നൽകണമെന്ന് പരാമർശം 2,3,4,6 എന്നിവ പ്രകാരം പഞ്ചായത്ത് ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്. കൂടാതെ, ഈ വിഷയം സംബന്ധിച്ച് നിരവധി നിവേദനങ്ങൾ സർക്കാരിന് ലഭിച്ചിട്ടുമുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അനാഥ/അഗതി/വൃദ്ധ മന്ദിരങ്ങളിൽ താമസിക്കുന്ന അന്തേവാസികൾ പ്രസ്തുത സ്ഥാപനങ്ങളുടെ സംരക്ഷണയിലാണ് ജീവിക്കുന്നത്. അവരുടെ പൂർണ്ണമായ സംരക്ഷണ ചുമതല പ്രസ്തുത സ്ഥാപനങ്ങൾക്കാണ്. ഇത്തരം സ്ഥാപനങ്ങളിൽ അർഹതപ്പെട്ടവയ്ക്ക് സർക്കാർ ധനസഹായം ലഭ്യമാക്കുന്നുണ്ട്. ഈ സാഹചര്യത്തിൽ, അനാഥ/അഗതി/വൃദ്ധ മന്ദിരങ്ങളിൽ താമസിക്കുന്ന അന്തേവാസികൾക്ക് സാമൂഹ്യ സുരക്ഷാ പെൻഷന് അർഹതയില്ല എന്ന് ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. പരാമർശം 1 ലെ ഉത്തരവ് ഇത്തരത്തിൽ ഭേദഗതി ചെയ്യുകൊള്ളുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**പ്രതീപ് കുമാർ. ബി**
**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

പകർപ്പ് :

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ/ആഡിറ്റ് II), കേരള, തിരുവനന്തപുരം

മാനേജിംഗ് ഡയറക്ടർ, കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ്

അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്

സെക്രട്ടറി, സാമൂഹ്യനീതി വകുപ്പ്

പഞ്ചായത്ത്/നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിഭാഗം, വിവര പൊതുജന സമ്പർക്ക വകുപ്പ്.

ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ്(www.finance.kerala.gov.in)

കരുതൽ ഫയൽ / ഓഫീസ് പകർപ്പ്(എസ് എഫ് സി ബി-3/76/2018/ധന)

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**